# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1646/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1646/2023 തീയ്യതി: 21/11/2023

## കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-10-2022 മുതൽ 08-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീമതി.ഷിജില വി.ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ (ഹയർ ഗ്രേഡ്),
ശ്രീ.ശ്രീനാഥ്.വി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീബ.ടി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. എം. വി. ചന്ദ്രൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യാഭായി.എം.ആർ | കൃഷി ഓഫീസർ | 01-04-2022 | 05-03-2023 |
| ശ്രീ.വിനോദ് കുമാർ.ടി | കൃഷി ഓഫീസർ | 06-03-2023 | 31-03-2023 |
| ശ്രീ.രമേശൻ.കെ | ഹെഡ് മാസ്റ്റർ | 01-04-2022 | 12-07-2022 |
| ശ്രീമതി.ലീന.പി.പി | ഹെഡ്മിസ്ട്രസ് | 13-07-2022 | 31-03-2023 |
| ശ്രീമതി.പ്രജിന.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ:സീമ.ടി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ:സമീർ.കെ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.കെ.സി.രാജീവൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ജോസ് ജയകുമാർ ഇടച്ചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുള്ള.കെ.പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 30-11-2022 |
| ശ്രീമതി.മിനി നാരായണൻ.പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-12-2022 | 31-03-2023 |
| ശ്രീമതി.നളിനി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പരിയാരം സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേഷ്മ.എം.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുറ്റ്യേരി സർക്കിൾ | 01-04-2022 | 26-10-2022 |

| | | | |
|---|---|---|---|
| ശ്രീ.ലിജു.വി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുറ്റ്യേരി സർക്കിൾ | 27-10-2022 | 31-03-2023 |
| ഡോ:രാഹുൽ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 15-05-2022 |
| ഡോ:രമ്യ.കെ.എൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 16-05-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മുൻവർഷത്തെ നീക്കിയിരിപ്പ് തുക തൻവർഷത്തെ മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | സെക്യേർഡ് ലോൺ -യഥാർത്ഥ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-2 |
| 4 | അദർലയബിലിറ്റീസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-3 |
| 5 | ക്രെഡിറ്റ് ആകാത്ത തുക ഡയറക്ട് ഡെബിറ്റ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തി റീകൺസിലിയേഷൻ നടത്തുന്നു. | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ ത**ൻ**വ**ർ**ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയി**ൽ** മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേ**ർ**ത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല . | 1-1-6 |
| 8 | മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | വർഷാന്ത്യ സ്റ്റോക്ക് -ക്ലോസിംഗ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | റീകൺസിലിയേഷൻ നടത്തിയതിലെ അപാകം. | 1-1-10 |
| 12 | സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നിലനിർത്തുന്നു. | 1-1-11 |
| 13 | ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-12 |
| 14 | ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-13 |
| 15 | ബി-1 ഷെഡ്യൂളിലെ തുക പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | യഥാർത്ഥ ചെലവ് ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-15 |
| 17 | ചെലവഴിക്കാ**ൻ** അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | മുഴുവൻ വാഹനങ്ങളുടേയും ആസ്തി മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-17 |
| 19 | അഗതിരഹിതകേരളം ഗ്രാന്റ്-വിനിയോഗിക്കാത്ത തുക ചെലവായി രേഖപ്പെടുത്തി. | 1-1-18 |

| | | |
|---|---|---|
| 20 | ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിലെ ചെലവുകൾ വാർഷികധനകാര്യപത്രികയുമായും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായും പൊരുത്തപ്പെടുന്നില്ല. | 1-1-19 |
| 21 | ലൈഫ് പദ്ധതി വായ്പയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക മുഴുവനായും ജി.ഒ പ്രോജക്ടാക്കി മാറ്റി വാർഷികധനകാര്യപത്രികയിലുൾപ്പെടുത്തിയിട്ടില്ല. | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-2-1 |
| 24 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-2-2 |
| 25 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 26 | ഫണ്ട് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം. | 1-5 |
| 28 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമപെൻഷൻ | 1-7 |
| 30 | ക്യാഷ് പരിശോധന | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | ഗ്രാമസഭ | 1-11 |
| 34 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതകൾ. | 1-12 |
| 35 | 60 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി. | 1-13 |
| 36 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല - സാങ്കേതിക പിഴവ് ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. | 1-14 |
| 37 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ വ്യത്യസ്തം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 38 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-16 |
| 39 | എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ്-വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല -₹9000-യുടെ നഷ്ടം. | 1-17 |
| 40 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-18 |

| | | |
|---|---|---|
| 41 | ഗ്രാമപഞ്ചായത്തിലെ തനത് വരുമാന സ്രോതസ്സുകൾ -നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം | 1-19 |
| 42 | പഞ്ചായത്ത് ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ. ₹530538 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 43 | ലൈഫ് ഭവന പദ്ധതി -മുൻകൂർ കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-21 |
| 44 | ഭവന പുനരുദ്ധാരണത്തിന് മുൻകൂർ -കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസവും സബ്സിഡി തുക ഗുണഭോക്താവിന് ലഭിക്കാത്തതും - ₹50000 തടസ്സപ്പെടുത്തുന്നു. | 1-22 |
| 45 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല-₹993829 തടസ്സപ്പെടുത്തുന്നു | 1-23 |
| 46 | അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ് - ബില്ലിൽ നിന്നും ₹2000 ആദായ നികുതി കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു. | 1-24 |
| 47 | NHM ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല - ₹1,90,124 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 48 | കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസം | 1-26 |
| 49 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-27 |
| 50 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിലെ വീഴ്ച. | 1-28 |
| 51 | പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി അക്കൗണ്ട്-ഇടപാടുകളില്ലാതെ നിഷ്ക്രിയം. | 1-29 |
| 52 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷ രജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-₹2250 നഷ്ടം. | 2-1 |
| 2 | എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ്-മോട്ടോർ റണ്ണിംഗ് ഫീസ്,ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്-₹9000 നഷ്ടം. | 2-2 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.23 തീയതിയിലെ 172/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 20-07-2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
21.11.2023.

### 1-1-1 മുൻവർഷത്തെ നീക്കിയിരിപ്പ് തുക തൻവർഷത്തെ മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2021-22 വർഷത്തെ Receipt & Payment Statement (31-03-2022) RP-40(b), ബാലൻസ് ഷീറ്റ് B-17 (₹36539292) ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് തുക 2022-23 വർഷത്തെ Receipt & Payment Statement ലെ (01-04-2022) RP-40(a) ഷെഡ്യൂളിലെ മുന്നിരിപ്പ് തുകയുമായി (₹36539312) പൊരുത്തപ്പെടുന്നില്ല.(20 രൂപയുടെ വ്യത്യാസം)

### 1-1-2 സെക്യേർഡ് ലോൺ -യഥാർത്ഥ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

ഹഡ്കോ ലോൺ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം തിരിച്ചടച്ച ₹878824 പരിഗണിക്കാതെയാണ് 2022-23 വർഷത്തിലും വായ്പ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്രയും തുകയുടെ വ്യത്യാസം നീക്കിയിരിപ്പിൽ വരുന്നുണ്ട്. (ബി 5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക ₹2468764 - നീക്കിയിരിപ്പായി കാണിക്കേണ്ട തുക ₹1589940). ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതും അപാകമാണ്.

## 1-1-3 അദർലയബിലിറ്റീസ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഷെഡ്യൂളിൽ അദർലയബിലിറ്റീസ് – Advance Collection Of Revenues - License Fees For Factories, Traders, Enterprenuers And Other Services (350410301) ആയി വലിയ തുക (₹802135) നിലനിർത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ തുക ക്രമീകരിക്കുവാനുള്ളതാണെങ്കിൽ ആയത് യഥാസമയം ക്രമീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുകയുണ്ടായില്ല.

## 1-1-4 ക്രെഡിറ്റ് ആകാത്ത തുക ഡയറക്ട് ഡെബിറ്റ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തി റീകൺസിലിയേഷൻ നടത്തുന്നു.

എസ്.ബി.ഐ - ഇ പേമെന്റ് അക്കൗണ്ടുമായി ബന്ധപ്പെട്ട (അക്കൗണ്ട് നമ്പർ 36331440927) പ്രതിമാസ റീകൺസിലിയേഷൻ പത്രികകളിൽ ഓൺലൈൻ പേമെന്റുമായി ബന്ധപ്പെട്ട് ഐ കെ എം ൽ നിന്നും ട്രാൻസ്ഫർ ചെയ്തു കിട്ടാൻ ബാക്കിയുള്ള തുക ഡയറക്ട്ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന രീതിയിലാണ് ക്രമീകരിക്കുന്നത്. 31.03.23 തീയതിയിൽ 1,04,663/- രൂപ ഈ രീതിയിൽ ക്രമീകരിക്കാൻ ബാക്കിയുണ്ടായിരുന്നു.

## 1-1-5 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല .

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2191108 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2157864 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-7 മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ 2022-23 വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 ആസ്തി മൂല്യം, ഡിപ്രീസിയേഷൻ കണക്കാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബി-11, ബി-11(a), ബി-11(b), ബി-11(c), ബി-11(d), ബി-11(ഇ) ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ ആസ്തി മൂല്യം, ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ആസ്തി മൂല്യം കണക്കാക്കാൻ കഴിയുന്ന രീതിയിൽ ആസ്തി രജിസ്റ്ററിൽ അപ്ഡേഷൻ വരുത്തിയിട്ടില്ല .

## 1-1-9 വർഷാന്ത്യ സ്റ്റോക്ക് -ക്ലോസിംഗ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി

സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 റീകൺസിലിയേഷൻ നടത്തിയതിലെ അപാകം.

താഴെപ്പറയുന്ന അക്കൗണ്ടുകളിലെ റീകൺസിലിയേഷൻ നടത്തി ബാങ്ക് ബുക്ക് പ്രകാരം 31-03-2023 തീയതിയിൽ നീക്കിയിരിപ്പുള്ള തുകയല്ല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്.

| ബാങ്കിന്റെ പേര് | ബാങ്ക് ബുക്ക് പ്രകാരം 31-03-2023 തീയതിയിൽ നീക്കിയിരിപ്പുള്ള തുക | വാർഷികകണക്കിൽ (RP-40b, B 17 യിൽ ) ഉൾപ്പെടുത്തിയ തുക |
|---|---|---|
| പരിയാരം സർവീസ് സഹകരണ ബാങ്ക്, മെയിൻ ശാഖ-1887 (തനത് ഫണ്ട്) | 25249992 | 25198202 |
| സൗത്ത് ഇന്ത്യൻ ബാങ്ക്, തളിപ്പറമ്പ (തനത് ഫണ്ട്)-11004 | 4823600 | 4742889 |

## 1-1-11 സ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നിലനിർത്തുന്നു.

B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques (350800101) ഇനത്തിൽ ₹19057 രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ വാർഷിക കണക്കിലും ഇതേ തുക ഈ ഇനത്തിൽ കാണിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ കാലാവധി കഴിഞ്ഞ 17046/- രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നിലനിർത്തുന്നു.

## 1-1-12 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ശരിയായ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. ബാലൻസ് ഷീറ്റിൽ (ബി-11 (E), Code-415120101) ₹142316 മാത്രമാണ് മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതും അപൂർണ്ണമാണ്.

## 1-1-13 ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക).

## 1-1-14 ബി-1 ഷെഡ്യൂളിലെ തുക പൊരുത്തപ്പെടുന്നില്ല.

Income And Expenditure സ്റ്റേറ്റ്മെന്റിൽ (7605441) നിന്നും ബാലൻസ് ഷീറ്റിലെ ബി-1 ഷെഡ്യൂളിലെ 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ള തുക (9125147) പൊരുത്തപ്പെടുന്നില്ല.

## 1-1-15 യഥാർത്ഥ ചെലവ് ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഭാഗമായി കെ.എസ്.ഇ.ബി പരിയാരം സെക്ഷന് അനുവദിച്ച ₹55560 B-18 ഷെഡ്യൂളിലെ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് -ഡെപ്പോസിറ്റ് വിത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-16 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1.ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും (₹15753) ബി 17 പ്രകാരമുള്ള അക്കൗണ്ട് ബാലൻസും (₹16047,പരിയാരം സർവീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നമ്പർ 5488) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.ലിറ്ററസി സ്കീം ഗ്രാന്റ് - ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും (₹5859) ബി 17 പ്രകാരമുള്ള അക്കൗണ്ട് ബാലൻസും (₹6035, പരിയാരം സർവീസ് സഹകരണ ബാങ്ക് -അക്കൗണ്ട് നമ്പർ 4476) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-17 മുഴുവൻ വാഹനങ്ങളുടേയും ആസ്തി മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ രണ്ട് വാഹനങ്ങളുണ്ടെങ്കിലും ഒരു വാഹനത്തിന്റെ ആസ്തി മൂല്യം മാത്രമാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-18 അഗതിരഹിതകേരളം ഗ്രാന്റ്-വിനിയോഗിക്കാത്ത തുക ചെലവായി രേഖപ്പെടുത്തി.

അഗതിരഹിത കേരളം ഗ്രാന്റായി 2021-22 സാമ്പത്തികവർഷം ലഭിച്ച ₹836476 കുടുബശ്രീ സി ഡി എസ് ന് തൻവർഷം കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ തുക ചെലവായി രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല. തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-19 ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിലെ ചെലവുകൾ വാർഷികധനകാര്യപത്രികയുമായും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായും പൊരുത്തപ്പെടുന്നില്ല.

ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിലെ ചെലവുകൾ വാർഷികധനകാര്യപത്രികയുമായും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായും പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| വാർഷികധനകാര്യപത്രികപ്രകാരം | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|
| ₹16227105 | ₹16269807 |

### 1-1-20 ലൈഫ് പദ്ധതി വായ്പയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക മുഴുവനായും ജി.ഒ പ്രോജക്റ്റാക്കി മാറ്റി വാർഷികധനകാര്യപത്രികയിലുൾപ്പെടുത്തിയിട്ടില്ല.

ലൈഫ് പദ്ധതി വായ്പയിനത്തിൽ ഫണ്ട് അലോട്ട്മെന്റ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക മുഴുവനായും ജി.ഒ പ്രോജക്റ്റാക്കി മാറ്റി വാർഷിക ധനകാര്യപത്രികയിലെ ബി5, ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| സർക്കാർ ഉത്തരവ് നമ്പർ, തീയതി | സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക | | ആകെ |
|---|---|---|---|
| | വികസന ഫണ്ട്-ജനറൽ | വികസനഫണ്ട് -എസ് സി പി | |
| സ.ഉ.(സാധാ)നം.6872/22/ ധന.തീയതി 12-10-2022 | 669095 | 98007 | 767102 |
| സ.ഉ (സാധാ)നം.1049/23/ധന. തീയതി 13-02-2023 | 487885 | 289585 | 777470 |
| ആകെ | 1156980 | 387592 | 1544572 |

മേൽ സൂചിപ്പിച്ച പ്രകാരം 15,44,572/- രൂപ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടെങ്കിലും 2,78,308/- രൂപയുടെ ജി.ഒ പ്രോജക്റ്റ് മാത്രമാണ് (സുലേഖ പ്രകാരം) തയ്യാറാക്കിയതും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയതും. ജി.ഒ പ്രോജക്റ്റിൽ 2,78,30/- രൂപ ഉൾപ്പെടുത്തിയതിന്റെ കാരണവും വ്യക്തമല്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-03-2022 തീയതിയിലെ യോഗത്തിലെ 21/22 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 23-03-22 തീയതിയിൽ രാവിലെ ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-86/22) 26-03-22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 87/22 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 15/03/2023 തീയതിയിലെ യോഗത്തിലെ 2/10/23 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 17-03-2023 തീയതിയിലെ അടിയന്തിര യോഗത്തിൽ 1/72/23 നമ്പർ

തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 32356665 | 41861699 |
| വരവ് | 278470378 | 273108749 |
| ആകെ | 310827043 | 314970448 |
| ചെലവ് | 274304000 | 275879294 |
| നീക്കിയിരിപ്പ് | 36523043 | 39091154 |

## 1-2-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് കുറിപ്പുകൾ

2.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

3.പെർഫോമൻസ് ബജറ്റ്

4.ജെൻഡർ ബജറ്റ്

എന്നാൽ 2022-23 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റുകൾ ആയി സൂക്ഷിച്ചിട്ടില്ല.

## 1-2-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/ LSGD തീയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,65,39,312* |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹75745244 |
| ആകെ | ₹112284556 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹73554136 |
| നീക്കിയിരിപ്പ് | ₹38730420 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹11250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1764491 |

*മുന്നിരിപ്പിൽ ₹20 യുടെ വ്യത്യാസമുണ്ട്. (31-03-2022ലെ നീക്കിയിരിപ്പ് ₹3,65,39,292 ആണ്. എന്നാൽ 2022-23 വാർഷിക കണക്കിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 01-04-2022 തീയതിയിലെ മുന്നിരിപ്പായി ഉൾപ്പെടുത്തിയത് ₹3,65,39,312 ആണ്. ₹20 മുന്നിരിപ്പിൽ അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്).

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എഫ് ടി ഒ മുഖേനയുള്ള വരവ് ചെലവ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22813920 | 22813920 | 22116001 | 697919 |
| വികസനഫണ്ട് എസ്.സി. പി | 0 | 3112111 | 3112111 | 2944071 | 168040 |
| വികസനഫണ്ട് ടി. എസ്. പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 14798850 | 14798850 | 14798850 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4275850 | 4275850 | 4275850 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്- ബേസിക് | 1358021 (1253324+ പലിശ-104697) | 5028446 (4781292 +പലിശ- 247154) | 6386467 | 5936241 | 423226 (71375+ പലിശ 351851) |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്- ടൈഡ് | 7156777 | 6727000 | 13883777 | 10306566 | 3577211 |
| ശുചിത്വമിഷൻ | 1226802 | 575503 | 1802305 | 575503 | 1226802 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 1569476 | 0 | 1569476 | 836476 * | 733000 |
| എൻ ആർ എച്ച് എം ഫണ്ട് | 536308 | 0 | 536308 | 0 | 536308 |
| മുനിസിപ്പൽ കോർപ്പ റേഷനിൽ നിന്നു ലഭിച്ച വിഹിതം | 670870 | 0 | 670870 | 0 | 670870 |
| മുനിസി പ്പാലിറ്റിയിൽ നിന്നു ലഭിച്ച വിഹിതം | 0 | 992485 | 992485 | 0 | 992485 |
| ഹെൽത്ത് ഗ്രാന്റ്- അടിസ്ഥാന സൗകര്യം | 0 | 239640 | 239640 | 52625** | 187015 |
| ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് & വെൽനസ് സെന്റർ | 0 | 111570 | 111570 | 0 | 111570 |
| കേന്ദ്രസർക്കാർ അവാർഡ് | 0 | 500000 | 500000 | 0 | 500000 |
| കേരളോത്സവം | 5000 | 0 | 5000 | 0 | 5000 |
| വിമുക്തി | 25656 | 0 | 25656 | 0 | 25656 |
| എസ്എസ് എ | 119639 | 0 | 119639 | 0 | 119639 |
| ഐ.സി. ഡി.എസ് കേന്ദ്ര വിഹിതം | 406179 | 2081164 | 2487343 | 1500000 | 987343 |
| സാക്ഷരത | 5859 | 176 | 6035 | 0 | 6035 |
| ദുരിതാശ്വാസ നിധി | 15577 | 470 | 16047 | 0 | 16047 |

*2021-22 വാർഷികകണക്കുകളിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നതും എസ് ബി ഐ - ഇ പേമെന്റ് അക്കൗണ്ടുമായി ബന്ധപ്പെട്ട ലെഡ്ജറിൽ 23.03.22 തീയതിയിൽ Unidentified Amount ആയി ഉൾപ്പെടുത്തിയ

8,36,476/- രൂപ അഗതിരഹിത കേരളം ഗ്രാന്റിനത്തിൽ ലഭിച്ചതാണ്. പ്രസ്തുത തുക സി.ഡി.എസ്. ന് തൻവർഷം കൈമാറിയിട്ടുണ്ട്.

**യഥാർത്ഥ ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) 72,925/- രൂപയാണ്. വാർഷിക കണക്കുകളിൽ 52,625/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 233 | 152085740 | 174 | 77161758 | 8 | 166 | 59 | 71.24 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 14 | 8067020 | 4914358 | 60.92 |
| വെറ്ററിനറി സർജൻ | 11 | 10 | 3033743 | 1748651 | 57.64 |
| മെഡിക്കൽ ഓഫീസർ- പിഎച്ച്സി | 13 | 11 | 3628870 | 2915043 | 80.33 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 4 | 4 | 975000 | 975000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 2 | 414978 | 80636 | 19.43 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 19 | 44630208 | 11225810 | 25.15 |
| ഐസിഡിഎസ് സൂപ്പർവൈസർ | 13 | 13 | 10770496 | 10265658 | 95.31 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1300000 | 993829 | 76.45 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 30 | 15 | 10096101 | 3790959 | 37.55 |
| ഹെഡ്മാസ്റ്റർ, ഗവ.യു പി.സ്കൂൾ | 7 | 5 | 1284498 | 895576 | 69.72 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 104 | 73 | 66101528 | 37597390 | 56.88 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 7 | 7 | 1783298 | 1758848 | 98.63 |
| ആകെ | 233 | 174 | 152085740 | 77161758 | 50.74 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3381 | 1145177 | 1148558 | 511043 | 637515 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25497351 | 25497351 | 25497351 | 0 |
| ആകെ | 3381 | 26642528 | 26645909 | 26008394 | 637515 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 608 | 9026200 |
| വിധവാ പെൻഷൻ | 1326 | 18149200 |
| വാർദ്ധക്യകാല പെൻഷൻ | 2794 | 35704000 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 452 | 5906400 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 67 | 935600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2023 ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57,984/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് 200/- രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക) ആകെ കാഷ് നീക്കിയിരിപ്പ് 58184/- രൂപയാണ്. ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പദ്ധതി ചെലവുകളുമായും മറ്റ് ചെലവുകളുമായും ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഇൻകമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതും ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതും അപാകമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണ ഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. തൊഴിൽ നികുതി ഡാറ്റാബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരങ്ങളും തസ്തികകളും ഉൾപ്പെടുത്തിയ രജിസ്റ്റർ) തയ്യാറാക്കുന്നിലെ വീഴ്ച മൂലം തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്ന് സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായിട്ടുണ്ട്. ഇക്കാരണത്താൽ നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

ഇ) വാർഷികകണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്) തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) തൊഴിൽ നികുതി ഡാറ്റാബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള (പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപ് നടത്തിയത്) ഏറ്റവും ഒടുവിലത്തെ (നവംബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2022 നവംബർ മാസം മുതലുള്ള 7 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (2015/16 മുതൽ 2019/20 വരെ) 5 തടസ്സങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. 2022 മെയ്, ആഗസ്റ്റ് (2 ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്). ഡിസംബർ മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് പദ്ധതി 2020 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, വാതിൽപ്പടി സേവനം, വാർഷിക ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതകൾ.

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40/- രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 60/- രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | അരുവിരുത്തി ബാലകൃഷ്ണൻ | 12/454 C | താഴത്തെ നില 108 ച.മീ | 40/- | 60/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തി പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി.

സ.ഉ(എം.എസ്.)നം.358/2015/ത.സ്വ.ഭ.വ. തി:16.12.15 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ, കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും വസ്തു നികുതി ഡിമാൻഡ് ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കുറുക്കൻ വളപ്പിൽ ഖദീജ | 2 | 66 | 62.53 | പാർപ്പിടാവശ്യം/വീട് |
| 2 | സാറ.എം | 2 | 279 | 70.2 | പാർപ്പിടാവശ്യം/വീട് |
| 3 | ശാന്ത രത്നം | 3 | 111 | 70 | പാർപ്പിടാവശ്യം/വീട് |
| 4 | പി.പി.കുഞ്ഞിരാമൻ | 3 | 469 | 87 | പാർപ്പിടാവശ്യം/വീട് |
| 5 | പാലക്കോടൻ പുതിയ പുരയിൽ ഖദീജ | 10 | 403 | 136 | പാർപ്പിടാവശ്യം/വീട് |
| 6 | വരയമ്പത്ത് ശാരദ | 14 | 488 | 80 | പാർപ്പിടാവശ്യം/വീട് |
| 7 | മലയൻപറമ്പിൽ കണ്ണൻപണിക്കർ | 14 | 729 | 126.4 | പാർപ്പിടാവശ്യം/വീട് |
| 8 | സി. മിറ്റിൽഡ എറ്റിയാക്കൽ | 16 | 249 | 66.96 | പാർപ്പിടാവശ്യം/വീട് |
| 9 | ഫാദർ ബർണാഡ് ദേവമാത | 16 | 257 | 121 | പാർപ്പിടാവശ്യം/വീട് |
| 10 | ഫാദർ ബർണാഡ് ദേവമാത | 16 | 263 | 126 | പാർപ്പിടാവശ്യം/വീട് |
| 11 | ഫാദർ സുപ്പീരിയർ എം.സി.ബി.എസ്. സെമിനാരി | 16 | 321 | 83.32 | പാർപ്പിടാവശ്യം/വീട് |
| 12 | എടവൻപുത്തലത്ത് രാമചന്ദ്രൻ | 17 | 106 | 130 | പാർപ്പിടാവശ്യം/വീട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒഴിവാക്കിയതിനുള്ള കാരണം ഉൾപ്പെടുത്താതെ സഞ്ചയയിൽ പൂജ്യം നികുതി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കണ്ടതും മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല - സാങ്കേതിക പിഴവ് ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സാർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറ നിർമ്മിതി 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ടുള്ളതാണെന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫോം 6-ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| പുതിയാറമ്പറത്ത് ഉമ്മർ | 2/206 A, B, C, D | 531.84 |
| ഒ.വി.കരുണാകരൻ | 5/227 C, D, E, F, G, H, J, K, L, M, S | 345.52 |
| കൊടിയിൽ അബ്ദുൾ റഹ്മാൻ, കൊടിയിൽ അബ്ദുൾ റഷീദ് | 5/299 A, B, C, D, E, F, G, H, I, J, K, L, M, N, O, P, Q, R, S, T, U, V, W | 491.85 |
| കായക്കൽ പുതിയപുരയിൽ ജമീല | 6/394 A, B, C, D, E, F, G, H, I, J, K | 278.37 |
| പണിക്കറകത്ത് ഷംസീർ | 6/581 A, B, C, D, E, F | 569.97 |
| കക്കോട്ടകത്ത് വളപ്പിൽ അബ്ദുള്ളക്കുട്ടി | 11/75 A, B, C, D, E, F, G, H, I, J | 354.33 |
| മീത്തലെ പുരയിൽ അബൂബക്കർ | 12/132 A,B,C | 284.25 |
| അച്ചം വീട്ടിൽ അബ്ദുള്ളഹാജി, ചൊള്ളിയൻ ഫാത്തിമ | 12/134 D,E | 388.94 |
| കണ്ണങ്കീൽ ഹംസ | 12/490 A, B, C, D, E, F, A1, E1, E2 | 365.26 |
| കടവത്തെ പീടികയിൽ അസ്സു | 13/552 B, C, D, E, F, G | 271.75 |
| ഉനൈസ് ഉളിയൻ മൂലയിൽ | 14/65 E, F, G, H | 398.56 |
| കുപ്പാടകത്ത് സുജാത കുമാർ | 14/ 252 A, B, C, D, E, F, G, H, I, J, K, L, M, N, P | 346.08 |
| കണ്ടത്തിൽ വളപ്പിൽ മുഹമ്മദ് | 16/ 114 C, D, E, F | 322.79 |
| സെക്രട്ടറി പരിയാരം സർവീസ് സഹകരണ ബേങ്ക് | 16/ 310 B, C, D, E, F, G, H, I, K | 385.5 |
| പോള ശ്രീധരൻ | 16/ 312 O, Q, R, S, T, U, V, W, X | 333.15 |
| ഓലിയന്റകത്ത് പുതിയപുരയിൽ മുഹമ്മദ് | 18/ 298 A, B, C, D, E, F, G | 254.9 |
| മീത്തലെ പുരയിൽ മൊയ്തീൻ | 18/ 650 D, E, F, G, H, I, J, K, L, M, N, O, P, Q, R, S, T, U, V, W, X, Y, Z, A1, A2, A3, A4, A5, A6, A7, A8, A9, B1, B2, B3, B4, B5, B6, B7, B8, B9 | 899.94 |
| ചോറൻ കൃപേഷ് | 18/ 654 C, D, E, F, G, H | 288 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സാങ്കേതിക പിഴവ് ഐ.കെ.എം.-ന്റെ ശ്രദ്ധയിൽപ്പെടുത്തി. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-15 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ വ്യത്യസ്തം - തുടർനടപികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമായാണ് രേഖപ്പെടുത്തിയതെന്ന് കാണാൻ സാധിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം |
|---|---|---|---|---|
| 33 | പ്രസീത പി | ബേക്കറി സാധനങ്ങൾ വിൽപന | 7/444 | വ്യവസായവശ്യത്തിനുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 40 | അബ്ദുൾ ഖാദർ സി | കൺസ്ട്രക്ഷൻ ഉൽപന്നങ്ങൾ സ്റ്റോക്ക്, വിൽപന | 5/667 A | പാർപ്പിടാവശ്യം |
| 56 | സുഗേഷ് എ വി | മെഡിക്കൽ ലാബ് | 2/67 | പാർപ്പിടാവശ്യം |
| 67 | സുരേഷ് കിഴക്കേ വീട് | സിമന്റ്, കമ്പി കച്ചവടം | 16/699 | പാർപ്പിടാവശ്യം |
| 78 | സഹിദ് എം | വെൽഡിംഗ് ഷോപ്പ് | 5/881 | പാർപ്പിടാവശ്യം |
| 112 | പാപ്പച്ചൻ മന്ത്ര | വുഡ് ഡിസൈനിംഗ് | 16/140 | പാർപ്പിടാവശ്യം |
| 135 | മുഹമ്മദ് ആഷിഖ് | നിത്യോപയോഗ സാധനങ്ങൾ വിൽപന | 12/404 | പാർപ്പിടാവശ്യം |
| 144 | ബാബു കെ പി | കാർഷിക ഉൽപന്നങ്ങൾ നിർമ്മാണം | 6/468 | പാർപ്പിടാവശ്യം |
| 151 | കെ വി ഉണ്ണികൃഷ്ണൻ | വെൽഡിംഗ് ഷോപ്പ് | 6/311 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 169 | അബ്ദുള്ള മുട്ടക്കാരന്റകത്ത് | റൈസ് & ഫ്ലോർ മിൽ | 14/161 A | പാർപ്പിടാവശ്യം |
| 171 | അബ്ദുൾ ഗഫൂർ എ പി | ചായക്കട | 5/87 | പാർപ്പിടാവശ്യം |
| 192 | വിജയൻ കെ വി | സ്റ്റേഷനറി കട | 15/452 | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനങ്ങളുടെയും ഉപയോഗക്രമം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശരിയായ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളിലാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലെയും അപാകങ്ങൾ.

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് കുറവാണ്.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | രസീത് നം | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| തളിപ്പറമ്പ ആർട്സ് & സയൻസ് കോളേജ് | സഷിത ടി | ലക്ചറർ | 1 | 102000 | 750 | 1220104708 Dtd 27.10.2022 | 1000 | 250 |
| | ശരണ്യ വിജയൻ | ലക്ചറർ | 1 | 102000 | 750 | | 1000 | 250 |
| | പ്രസൂൺ പ്രസന്നൻ | ലക്ചറർ | 1 | 102000 | 750 | | 1000 | 250 |
| | സുധീഷ് ആർ എം | ലക്ചറർ | 1 | 110400 | 750 | | 1000 | 250 |
| | നിധിൻ രാജ് | ലക്ചറർ | 1 | 105000 | 750 | | 1000 | 250 |
| | ദിവ്യ സി | ലക്ചറർ | 1 | 75600 | 600 | | 750 | 150 |
| | രേഷ്മ ഇ വി | ലൈബ്രേറിയൻ | 1 | 84000 | 600 | | 750 | 150 |
| | ഷീജ കെ | ലൈബ്രേറിയൻ | 1 | 84000 | 600 | | 750 | 150 |
| | വിശ്വംഭരൻ | ലക്ചറർ | 1 | 102000 | 750 | | 1000 | 250 |
| ഗവ. എൽ പി സ്കൂൾ, മാവിച്ചേരി | ലതിക എ കെ | PTCM | II | 83460 | 450 | 1220107748 Dtd 28.02.2023 | 750 | 300 |
| ആകെ | | | | | | | | ₹2250 |

2) ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ അപൂർണമാണ്. നിരവധി ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം, തുക ഒടുക്കിയ രസീത് നമ്പർ മുതലായവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് വന്ന ആകെ തുകയായ ₹2250 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ്-വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല -₹9000-യുടെ നഷ്ടം.

1996 കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുകയും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

1. വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല.

ശ്രീ.ഷബീർ കെ.പി. കൊളോണിയൽ ഹാർഡ് വുഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം തുടങ്ങുന്നതിനായി 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്ററിലെ ക്രമ നം. | 429 |

| | |
|---|---|
| ലൈസൻസ് കാലാവധി | 15.11.22 മുതൽ 31.03.23 വരെ |
| ലൈസൻസ് ഫീസ് | ₹10000 |
| രസീത് നം. | 1220105202/15.11.22 |
| സംരംഭത്തിന്റെ ഇനം | ബ്ലോക്ക് ബോർഡ് നിർമ്മാണം |

അപേക്ഷ, അപേക്ഷയോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന സോമിൽ ലൈസൻസ് നം.151/2022KNR/ 14.2.22 എന്നിവ പ്രകാരം മേൽ സ്ഥാപനത്തിൽ 375 HP കപാസിറ്റി ഉള്ള മെഷിനറി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ), ചട്ടം 18, പട്ടിക 3 പ്രകാരമുള്ള മോട്ടോർ ഇൻസ്റ്റാലേഷൻ ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന് യന്ത്രം സ്ഥാപിക്കുന്നതിനും പ്രവർത്തനാനുമതി നൽകുന്നതും സംബന്ധിച്ച് ഭരണസമിതി തീരുമാനവും ലഭ്യമല്ല. മേൽ ലൈസൻസിയിൽ നിന്നും ₹10/HP നിരക്കിൽ ₹3750 മോട്ടോർ ഇൻസ്റ്റാലേഷൻ ഫീസായും ₹3750 മോട്ടോർ റണ്ണിംഗ് ഫീസായും ഈടാക്കേണ്ടതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ നം.PCB/KNR/ICO/G21 /KAN4702233/ 21/19.7.21ൽ സ്ഥാപനത്തിൽ 1024 HP യുടെ മെഷിനറീസ് ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ 375 HPയിൽ കൂടുതൽ കപ്പാസിറ്റിയുള്ള മെഷിനറീസ് സ്ഥാപിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. ആയത് പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

<u>2. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നത് പുതുക്കുന്നതിനുള്ള ഫീസ് ഈടാക്കിയതിലെ കുറവ്.</u>

ശ്രീ.പി.ബഷീർ. എന്ന ലൈസൻസി ആർക്കിടെക് പാനൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് 2022-23 വർഷം പുതുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്ററിലെ ക്രമ നം. | 158 |
| ലൈസൻസ് കാലാവധി | 01.04.22 മുതൽ 31.03.23 വരെ |
| ലൈസൻസ് ഫീസ് | ₹5000 |
| മോട്ടോർ റണ്ണിംഗ് ഫീസ് | ₹1000 |
| രസീത് നം | 1220100467/26.04.22 |
| സംരംഭത്തിന്റെ ഇനം | ബ്ലോക്ക് ബോർഡ് നിർമ്മാണം |

അപേക്ഷയോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന സോമിൽ ലൈസൻസ് നം.311/17/KNR/16.1.18 പ്രകാരം മേൽ സ്ഥാപനത്തിൽ 148 HP യുടെ മെഷിനറീസ് പ്രവർത്തിപ്പിക്കുന്നുണ്ട്. ആയത് പ്രകാരം ₹2000 ആയിരുന്നു മോട്ടോർ റണ്ണിംഗ് ഫീസ് ആയി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ₹1000 ആണ് ഈയിനത്തിൽ ഈടാക്കിയിരിക്കുന്നത്. കുറവ് വന്ന ₹1000 ഈടാക്കേണ്ടതാണ്.

3. <u>ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്</u>

ശ്രീ.ഷബീർ ഫക്രുദീൻ എന്ന ലൈസൻസി NF ലൈഫ് ഫിറ്റ്നെസ്സ് എന്ന സ്ഥാപനം തുടങ്ങുന്നതിനായി 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്ററിലെ ക്രമ നം. | 501 |
| ലൈസൻസ് കാലാവധി | 02.02.23 മുതൽ 31.03.23 വരെ |
| ലൈസൻസ് ഫീസ് | ₹500 |
| രസീത് നം. | 1220106868/2.2.23 |
| സംരംഭത്തിന്റെ ഇനം | ജിംനേഷ്യം |

അന്വേഷണ കുറിപ്പിൽ മൂലധനനിക്ഷേപം 10 ലക്ഷം രൂപയ്ക്ക് മുകളിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ), ചട്ടം 7, പട്ടിക 2 പ്രകാരം സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള മിനി എന്റർപ്രൈസസ് സ്ഥാപനങ്ങൾക്ക് ₹1000യാണ് ലൈസൻസ് ഫീസ്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും ₹500 മാത്രമാണ് ലൈസൻസ് ഫീസ് ആയി ഈടാക്കിയത്.കുറവ് വന്ന ₹500 ഈടാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (18/16.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഖണ്ഡികകളിൽ പരാമർശിച്ചതിൽ കുറവ് വന്ന ആകെ തുകയായ ₹9000 (3750+3750+1000+500) ഈടാക്കി വിവരം

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

സർക്കാരിന്റെ 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ തന്നെ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള (2022-23 വർഷം മുതൽ) ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തളിപ്പറമ്പ് ശാഖയിൽ അക്കൗണ്ട് നിലവിലുണ്ട് (അക്കൗണ്ട് നമ്പർ-38960012047). ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് (01-04-2022 മുതൽ 31-03-2023 വരെയുള്ളത്) പ്രകാരം 31-03-2023 തീയതിയിൽ 1,26,108/- രൂപ നീക്കിയിരിപ്പുണ്ട്. പലിശരഹിത കറന്റ് അക്കൗണ്ടിലുള്ള പ്രസ്തുത തുകയുൾപ്പെടെ നിലവിൽ നീക്കിയിരിപ്പുള്ള തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

മിനിമം ബാലൻസ് ചാർജ്ജിനത്തിലും അക്കൗണ്ടിംഗ് കീപ്പിംഗ് ചാർജിനത്തിലുമായി 1929/- രൂപ തൻവർഷം പ്രസ്തുത അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയിട്ടുണ്ട്. സർക്കാർ ഇടപാടുകൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ടിൽ നിന്നും മേൽസൂചിപ്പിച്ച ഇനങ്ങളിൽ ബാങ്ക് ചാർജ്ജ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള തുക (540665/- രൂപ) ലഭിക്കുവാൻ ഇപ്പോഴും ബാക്കിയുണ്ട്.

ഇ-ടെണ്ടർ മുഖേന അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റായി വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുവാൻ ബാക്കിയുള്ള തുക ലഭ്യമാക്കുന്നതിനും ബാങ്ക് ചാർജ്ജ് ഈടാക്കിയത് തിരികെ ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17-10-2023) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്തിലെ തനത് വരുമാന സ്രോതസ്സുകൾ -നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം സംബന്ധിച്ച അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി നികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 01-03-2022 മുതൽ 31-03-2023 വരെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ വിലയിരുത്തിക്കൊണ്ട് തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക്

(വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ(കൈ)നമ്പർ 77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി)25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിയാരം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭരണസമിതിയുടെ 21-08-2023 തീയതിയിലെ SC2-3315/2023 നമ്പർ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 7ൽ നിർദ്ദേശിച്ച പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി .

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 1/09-10-2023 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിൽ പരിപാലിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണമാണ്. നിരവധി ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം, തുക ഒടുക്കിയ രസീത് നമ്പർ മുതലായവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 421 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുള്ളതായി ഇത് വ്യക്തമാക്കുന്നു. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽ മുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 1996ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കേണ്ടതാണ്. കൂടാതെ പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ആദ്യ വർഷം റണ്ണിംഗ് ഫീസിന് പുറമേ മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനത്തിൽ ഇതേ തുക ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ ഇൻസ്റ്റലേഷൻ ഫീസ് എന്നിവ കൃത്യമായി ഈടാക്കുന്നില്ല. മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനങ്ങളിലുള്ള തുകകൾ ഈടാക്കി ഈയിനത്തിലുള്ള വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ,

കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

10. വാർഡ് വൈസ് ട്രഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

11. പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് എന്നിവ കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവ സമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ. ₹530538 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ ഇരിപ്പിടങ്ങളിൽ ക്യാബിൻ ഒരുക്കുന്നതിനും, ഫയലുകൾ സൂക്ഷിക്കുന്നതിന് കബോഡുകൾ സ്ഥാപിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയതാണ് പ്രസ്തുത പ്രോജക്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 120/23<br>പഞ്ചായത്ത് ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ |
| അടങ്കൽ ₹1200000 | ₹1000000 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹200000 (തനത് ഫണ്ട്) |
| ചെലവ് | ₹800000,418/16.03.23 (ബിൽ നമ്പർ, തീയതി)<br>₹200000,534/28.03.23 (ബിൽ നമ്പർ, തീയതി)<br>(എസിആർ പ്രകാരം)<br>₹1000000 (ആകെ) |

മേൽ പ്രോജക്ടിന്റെ ഭാഗമായി റബ്കോ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ (₹10,64,259) അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നമ്പർ RHW/22-23/464-22.02.23 പ്രകാരം വിതരണം ചെയ്ത ഫർണ്ണിച്ചറുകളുടെ വില ഇനത്തിൽ ആകെ ₹1024789-ൽ ₹1000000 അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രസ്തുത വാങ്ങലുകൾ/പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ട് റബ്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഷെൽഫ്, പാർട്ടീഷൻ വുഡ് എന്നിവ സ്ഥാപിച്ചതിന്റെ കൃത്യത ക്ഷമതയുള്ള ഉദ്യോഗസ്ഥനാൽ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | അളവ് | തുക |
|---|---|---|
| ഷെൽഫ് -1 | 14.25 Sqm | 211584 |
| ഷെൽഫ്-1 | 8.75 Sqm | 129920 |
| പാർട്ടീഷൻ വുഡ് | 33.60 Sqm | 189033.60 |
| | ആകെ | 530537.6 |

3. വാങ്ങിയ ഫർണ്ണിച്ചറുകൾ (ഓഫീസ് ടേബിൾ ടു സീറ്റർ-4 എണ്ണം, വുഡൺ ചെയർ വിത്ത് ആം-10 എണ്ണം, മാനേജർസ് ടേബിൾ -2 എണ്ണം, സിംപിൾ ടേബിൾ-1 ഷെൽഫ് ബിഗ് വുഡ് ഡോർ-14.25 Sqm & 8.75 Sqm, പാർട്ടീഷൻ വുഡ് ഡോർ -33.6sqm) സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവയ്ക്ക് ഐഡന്റിഫിക്കേഷൻ നമ്പർ കൊടുത്തിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ (9/11-10-2023) ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഫർണ്ണിച്ചറുകൾക്ക് ഐഡന്റിഫിക്കേഷൻ നമ്പർ പതിപ്പിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണെന്നും മൂല്യനിർണ്ണയം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയം നടത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം വാങ്ങലുകൾ/പ്രവൃത്തി നടത്തുമ്പോൾ കരാറിൽ ഏർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിയ ഫർണ്ണിച്ചറുകൾക്ക് ഐഡന്റിഫിക്കേഷൻ നമ്പർ പതിപ്പിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി വിവരം ലഭ്യമാക്കേണ്ടതുമാണ്. ഷെൽഫ്, പാർട്ടീഷൻ വുഡ് എന്നിവ സ്ഥാപിച്ചതിന്റെ കൃത്യത ക്ഷമതയുള്ള ഉദ്യോഗസ്ഥനാൽ മൂല്യ നിർണ്ണയം നടത്താത്തതിനാൽ പ്രസ്തുത ഇനത്തിലെ ചെലവ് തുക (211584 +129920 +189033.60) ₹530538 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യ നിർണ്ണയം നടത്തി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി -മുൻകൂർ കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പരിയാരം സർക്കിൾ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് ഭവന നിർമ്മാണ പദ്ധതി എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രീ.പുരുഷോത്തമൻ പി. എന്ന ഗുണഭോക്താവ് മുൻകൂർ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നു കണ്ടു.

| ഗുണഭോക്താവിന്റെ പേര് | മുൻകൂർ കൈപ്പറ്റിയ തുക | രജിസ്റ്ററിൽ ചേർത്തിരിക്കുന്ന തീയതി |
|---|---|---|
| പുരുഷോത്തമൻ പി. (SC വിഭാഗം) | 40,000 | 30.9.21 |
| | 40,000 | 11.11.21 |

മേൽ ഗുണഭോക്താവിന്റെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(34/17.10.23) പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച് രജിസ്റ്റേഡ് കത്ത് അയച്ചിരുന്നുവെങ്കിലും ടിയാൻ ആയത് കൈപ്പറ്റിയില്ലെന്നും നിലവിൽ ഭവനനിർമ്മാണ പ്രവൃത്തി ആരംഭിക്കാമെന്ന് വാക്കാൽ ഉറപ്പ് നല്കിയെന്നും മറുപടി നൽകിയിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും വീട് നിർമ്മാണം ആരംഭിക്കുക പോലും ചെയ്യാത്തത് വീഴ്ചയാണ്. ഭരണസമിതി പ്രസ്തുത കാര്യം ഗൗരവമായി പരിഗണിച്ച് വീട് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ₹80,000 പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-22 ഭവന പുനരുദ്ധാരണത്തിന് മുൻകൂർ -കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസവും സബ്സിഡി തുക ഗുണഭോക്താവിന് ലഭിക്കാത്തതും - ₹50000 തടസ്സപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,പരിയാരം സർക്കിൾ നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതു, പട്ടിക ജാതി, അതിദരിദ്ര എന്നീ വിഭാഗങ്ങളുടെ ഭവനപുനരുദ്ധാരണ പ്രവൃത്തികൾക്കായി 2022-23 സാമ്പത്തിക വർഷം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (33/17.10.23) ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ച് നിലനിൽക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു. ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി ₹50,000 വീതം മുൻകൂർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി ഗുണഭോക്താക്കൾ വച്ച കരാറിൽ ഒരു മാസത്തിനകം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

എ)ഭവനപുനരുദ്ധാരണം-ജനറൽ

| | |
|---|---|
| പ്രോജക്റ്റ് നം | 28/22-23 |
| പ്രോജക്റ്റിന്റെ പേര് | ഭവനപുനരുദ്ധാരണം – ജനറൽ |
| അടങ്കൽ<br>ആകെ-₹18,00,000 | ₹5,00,000-വികസന ഫണ്ട് (പൊതുവിഭാഗം)<br>₹2,00,000-ധനകാര്യ കമ്മീഷൻ അവാർഡ്<br>₹11,00,000-തനത് ഫണ്ട് |
| ചെലവ്<br>ആകെ-₹12,00,000 | ₹5,00,000-വികസന ഫണ്ട്(പൊതുവിഭാഗം)<br>₹2,00,000-ധനകാര്യ കമ്മീഷൻ അവാർഡ്<br>₹5,00,000-തനത് ഫണ്ട് |
| ബിൽ നം./തിയതി | ₹5,00,000-309/14.2.23<br>₹2,00,000-310/14.2.23<br>₹50,000-311/14.2.23<br>₹1,50,000-360/24.2.23<br>₹2,00,000-573/30.3.23<br>₹50,000-575/30.3.23<br>₹50,000-579/31.3.23<br>(എ സി ആർ പ്രകാരം) |

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മുൻകൂറായി നൽകിയ തുക | നൽകിയ തീയതി |
|---|---|---|---|
| 1 | സുലോചന ഒ.കെ. | 50,000 | 14.2.23 |
| 2 | ശകുന്തള ടി. | 50,000 | 14.2.23 |
| 3 | സൗദ എസ്.ടി.പി. | 50,000 | 14.2.23 |
| 4 | സക്കീന പി.എം. | 50,000 | 14.2.23 |
| 5 | ജമ്മ ഇ. | 50,000 | 14.2.23 |
| 6 | ഡെയ്സി മാത്യു | 50,000 | 24.2.23 |

ബി)ഭവനപുനരുദ്ധാരണം-പട്ടിക ജാതി വിഭാഗം

| | |
|---|---|
| പ്രോജക്റ്റ് നം | 291/22-23 |
| പ്രോജക്റ്റിന്റെ പേര് | ഭവനപുനരുദ്ധാരണം-എസ്.സി |
| അടങ്കൽ | 6,00,000-വികസന ഫണ്ട്(എസ്.സി.പി.) |
| ചെലവ് | 4,00,000-വികസന ഫണ്ട്(എസ്.സി.പി.) |
| ബിൽ നം./തിയതി | 1,50,000-341/21.2.23<br>50,000-420/16.3.23<br>1,00,000-447/20.3.23<br>50,000-496/27.3.23<br>50,000-539/28.3.23<br>(എ സി ആർ പ്രകാരം) |

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മുൻകൂറായി നൽകിയ തുക | നൽകിയ തീയതി |
|---|---|---|---|
| 1 | വസന്ത എം. | 50,000 | 20.3.23 |

സി)ഭവനപുനരുദ്ധാരണം-അതിദരിദ്ര

| | |
|---|---|
| പ്രോജക്റ്റ് നം | 292/22-23 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അതിദരിദ്രരുടെ ഭവനം പുനരുദ്ധരിക്കൽ |
| അടങ്കൽ – ₹1400000 | ₹5,46,629-വികസന ഫണ്ട്(പൊതുവിഭാഗം)<br>₹453371-തനത് ഫണ്ട്<br>₹4,00,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ ചെലവ് – ₹400000 | ₹50,000-വികസന ഫണ്ട്(പൊതുവിഭാഗം)<br>₹50,000-തനത് ഫണ്ട്<br>₹3,00,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ബിൽ നം./തിയതി | ₹50,000-359/24.2.23(ACR പ്രകാരം)<br>₹50,000-572/30.3.23(ACR പ്രകാരം)<br>₹1,50,000-വൗച്ചർ നമ്പർ ഇല്ല/15.3.23(ക്യാഷ് ബുക്ക് പേജ് നം.74 ൽ രേഖപ്പെടുത്തിയിട്ടുണ്ട്)<br>₹1,50,000-വൗച്ചർ നമ്പർ ഇല്ല /28.3.23(ക്യാഷ് ബുക്ക് പേജ് നം78 ൽ രേഖപ്പെടുത്തിയിട്ടുണ്ട്) |

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മുൻകൂർ ലഭിച്ച തുക | നൽകിയ തിയതി |
|---|---|---|---|
| 1 | കല്യാണി എം.വി. | 50,000 | 15.3.23 |
| 2 | ആയിഷ കെ.പി. | 50,000 | 15.3.23 |
| 3 | മൊയ്തീൻ കുട്ടി ടി. | 50,000 | 28.3.23 |

ഭവന പുനരുദ്ധാരണത്തിന് തുക ലഭിച്ചവർ ആയത് വിനിയോഗിക്കാതെയും പ്രവൃത്തി പൂർത്തിയാക്കാതെയും ഇരിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തിരമായി പ്രവർത്തനം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗുണഭോക്താവിന് ധനസഹായം ലഭിച്ചില്ല -₹ 50000 തടസ്സപ്പെടുത്തുന്നു.

ഭവനപുനരുദ്ധാരണം-അതിദരിദ്ര വിഭാഗത്തിലെ ഗുണഭോക്താവായ ശ്രീമതി.ഹാജിറ പി എന്നവർ ₹50,000(ക്യാഷ് ബുക്ക് പേജ് നം78 ൽ രേഖപ്പെടുത്തിയ 28.3.23 ലെ ബിൽ) മുൻകൂറായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം സേവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറി (നം. 33/17.10.20023)-ക്ക് മുൻകൂർ നൽകിയ തുക ടിയാരിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലെന്നും നിലവിൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചുപോയെന്നും നടപ്പ് സാമ്പത്തിക വർഷം ടിയാരിക്ക് മുൻകൂർ തുക അനുവദിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറുപടി സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. സബ്സിഡി ആയി അനുവദിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൃത്യമായി ക്രെഡിറ്റ് ആയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. അതിനാൽ ഗുണഭോക്താവിന് സബ്സിഡി ലഭിച്ച എന്നുറപ്പ് വരുത്തി വിവരം ലഭ്യമാക്കുന്നത് വരെ ₹50000 തടസ്സപ്പെടുത്തുന്നു. അല്ലാത്തപക്ഷം തുക കൺസോളിഡേറ്റ് ഫണ്ടിൽ തന്നെ തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നതിന്റെ ട്രഷറി രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

മുൻകൂർ കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തിയാക്കാത്ത എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി വേഗം തന്നെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.ഭവനപുനരുദ്ധാരണം പൂർത്തിയാക്കുന്ന മുറക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ഓവർസിയറുടെ ഡീറ്റെയിൽഡ് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ ഗഡു അനുവദിക്കേണ്ടതാണ്.

## 1-23 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല- ₹993829 തടസ്സപ്പെടുത്തുന്നു

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടാണിത്. ഒരു ലിറ്റർ പാലളവിന് 3 രൂപ സബ്സിഡി, ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 40000 രൂപ).പ്രോജക്ട് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/നമ്പർ | 198/22-23<br>ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ<br>ആകെ-₹13,00,000 | ₹6,00,000(വികസനഫണ്ട്-പൊതു വിഭാഗം)<br>₹3,50,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹3,50,000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ്<br>ആകെ- ₹993829 | ₹6,00,000(വികസനഫണ്ട്-പൊതു വിഭാഗം)<br>₹1,63,746(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹2,30,083(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം/തിയതി | ₹262170-255/21.1.23<br>₹247351-256/21.1.23<br>₹90479-257/21.1.23<br>(എ സി ആർ പ്രകാരം)<br>₹72153-BRN22190352011001091600/25.1.23<br>₹64941-BRN22190352011001091616/25.1.23<br>₹26652--BRN22190352011001091630/25.1.23<br>₹92182-BRN22190352011001160012/8.2.23<br>₹107406-BRN22190352011001159997/8.2.23<br>₹30495-BRN22190352011001160019/8.2.23 |

ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് ലിറ്ററിന് 3 രൂപ വച്ച് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.വെബ്സാംഖ്യയിൽ നിന്നുള്ള യു ടി ആർ സ്റ്റേറ്റ്മെന്റ്.

2.ഗുണഭോക്താക്കളുടെ വരുമാനം 5 ലക്ഷത്തിൽ താഴെയാണെന്ന് ഉറപ്പ് വരുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ.

3.മോണിറ്ററിംഗ് റിപ്പോർട്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/16.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹993829യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ് - ബില്ലിൽ നിന്നും ₹2000 ആദായ നികുതി കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചു.

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിൽ ശിശുസൗഹൃദ ചുമർ ചിത്രം വരയ്ക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണിത് . ഇതിനായി ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഉല്ലാസ്.കെ ഇല്ലത്ത് എന്നവരുടെ (ഒരു ചതുരശ്ര അടിക്ക് 16.40 രൂപ പ്രകാരം 15530 ചതുരശ്ര അടിക്ക് ₹254692) ടെൻഡർ അംഗീകരിക്കുകയും ഗ്രാമ പഞ്ചായത്തിലെ 20 അങ്കണവാടികളിലായി ആകെ 15530 ചതുരശ്ര അടി പെയിന്റ് ചെയ്ത വക കരാറുകാരന് താഴെ കാണിച്ച പ്രകാരം ₹200000 തൻവർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട് (2023-24 വർഷത്തിലാണ് ബാക്കിയുള്ള ₹54692 അനുവദിച്ചത്). ടെണ്ടർ സേവിംഗ്സ് കൂട്ടി കൂടുതൽ അങ്കണവാടികളെ ഉൾപ്പെടുത്തിയതിനാലാണ് തുക അധികം വന്നത്. പ്രസ്തുത തുക 2023-24 സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ കൂടുതലുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് 1 ശതമാനവും മറ്റുള്ളവർക്ക് 2 ശതമാനവും എന്ന നിരക്കിലാണ്. എന്നാൽ മേൽ ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിൽ ₹2000 കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. 2023-24 കാലയളവിൽ ഫൈനൽ ബിൽ നൽകിയപ്പോഴും (₹54692) ആദായ നികുതി കുറവു ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 121/2023, അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ് |

| | |
|---|---|
| അടങ്കൽ | ₹200000<br>(വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | ₹200000 (578/31.03.2023)<br>എ സി ആർ പ്രകാരം |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/16.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്റ്റ് പ്രകാരം കരാറുകാരന് അനുവദിച്ച ആകെ തുകയ്ക്കുള്ള നിയമ പ്രകാരമുള്ള ആദായ നികുതി ₹2550 (₹2000+₹547) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 NHM ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൽ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല - ₹1,90,124 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി ₹3,00,000 കേരള ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, പരിയാരം ഗ്രാമപഞ്ചായത്ത് |
| പദ്ധതിയുടെ പേര് | NHM ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 27/23 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) ₹3,00,000 |
| ചെലവ് | ബിൽ നം. 379 തീയതി 04.03.2023 ₹3,00,000<br>(എ സി ആർ പ്രകാരം) |

1,09,876/- രൂപയ്ക്കുള്ള മരുന്നുകളാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ₹1,90,124 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/19.10.2023) മറുപടിയായി മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ₹1,90,124 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസം

കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്റ്റിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ,<br>വെറ്റിനറി ഡിസ്പൻസറി, പരിയാരം |
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്റ്റ് നം | 187/23 |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) - ₹7,00,000<br>മറ്റുള്ളവ - ₹7,00,000<br>ആകെ - ₹14,00,000 |
| ചെലവ് | ബിൽ നം. 282 തീയതി 06.02.23 -₹3,50,000<br>ബിൽ നം. 501 തീയതി 28.03.23 -₹3,50,000<br>ആകെ - ₹7,00,000 |

SLBP പദ്ധതിയിൽ ചേർത്തിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ പ്രായമായ കന്നുകുട്ടികൾക്ക് സബ്സിഡി തുകയായി 12,500/- രൂപ 32 മാസം വരെ 50 ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ ഓരോ മാസവും തെരഞ്ഞെടുത്ത ക്ഷീരസംഘം വഴി നൽകുന്നതിനാണ് തുക ചെലവഴിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ₹7,00,000 SLBP ഡെപ്യൂട്ടി ഡയറക്ടറുടെ 71901140000003 നമ്പർ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതി തുകയിൽ ₹7,00,000 2023 മാർച്ച് മാസം നൽകിയെങ്കിലും ക്ഷീരകർഷകരുടെ ലിസ്റ്റ് 2023 ഒക്ടോബർ മാസമാണ് SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതെന്നും ആയതിനാൽ 2023 ഒക്ടോബർ മാസമാണ് പദ്ധതി ആരംഭിച്ചതെന്നും കാലിത്തീറ്റ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.26/17.10.2023) മറുപടിയിൽ

പരാമർശിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി കൈമാറുന്നത് വൈകിയതിനാൽ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിലും കാലതാമസമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് കൈമാറുന്നതിന് മാസങ്ങൾക്ക് മുൻപേ തുക മുൻകൂറായി നൽകിയതിന്റെ കാരണം വ്യക്തമല്ല. ആയത് അറിയിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം ആകെ 233 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്. ആയതിനാൽ ചുരുങ്ങിയത് രണ്ട് പ്രോജക്ടുകളിലെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഒന്നും തന്നെ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ളേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷത്തെ പ്രോജക്ട് നിർവ്വഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്തിയിട്ടില്ല. മേൽ പരാമർശിച്ച അപാകങ്ങൾ ഭാവിയിലെ പദ്ധതി നിർവ്വഹണ സമയത്ത് പരിഹരിക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിലെ വീഴ്ച.

2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രം ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2012-13 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ 2013-14 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006ലെ 42774/എം.3/05/ആ.കു.വ.

നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/18.10.2023) മറുപടിയായി 2012-13ന് ശേഷമുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2013-14 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി അക്കൗണ്ട്-ഇടപാടുകളില്ലാതെ നിഷ്ക്രിയം.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുകയും ഇടപാടുകൾക്കായി പരിയാരം സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് (നമ്പർ-011970005488) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ തൻവർഷം ഇടപാടുകൾ ഒന്നും തന്നെയില്ല. മുൻവർഷങ്ങളിലും ദുരിതാശ്വാസനിധി അക്കൗണ്ടിൽ കാര്യമായ ഇടപാടുകൾ നടന്നിട്ടില്ല. 31-03-2023 തീയതിയിൽ പ്രസ്തുത അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് ₹16047 ആണ്. വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ധനശേഖരാണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും ദുരിതാശ്വാസനിധിയിലേക്കാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണെന്ന് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ധനസമാഹരണങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. ദുരിതാശ്വാസനിധിയിൽ നിന്ന് വിനിയോഗവും ഇല്ല. തുടർനടപടികൾക്കായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷ രജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-₹2250 നഷ്ടം.

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് കുറവാണെന്ന് കാണാൻ സാധിച്ചു.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | രസീത് നം. | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| തളിപ്പറമ്പ ആർട്സ് & സയൻസ് കോളേജ് | സഷിത ടി | ലക്ചറർ | 1 | 102000 | 750 | 1220104708 Dtd 27.10.2022 | 1000 | 250 |
| | ശരണ്യ വിജയൻ | ലക്ചറർ | 1 | 102000 | 750 | | 1000 | 250 |
| | പ്രസൂൺ പ്രസന്നൻ | ലക്ചറർ | 1 | 102000 | 750 | | 1000 | 250 |
| | സുധീഷ് ആർ എം | ലക്ചറർ | 1 | 110400 | 750 | | 1000 | 250 |
| | നിധിൻ | ലക്ചറർ | 1 | 105000 | 750 | | 1000 | 250 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | രാജ് | | | | | | | |
| | ദിവ്യ സി | ലക്ചറർ | 1 | 75600 | 600 | | 750 | 150 |
| | രേഷ്മ ഇ വി | ലൈബ്രേറിയൻ | 1 | 84000 | 600 | | 750 | 150 |
| | ഷീജ കെ | ലൈബ്രേറിയൻ | 1 | 84000 | 600 | | 750 | 150 |
| | വിശ്വംഭരൻ | ലക്ചറർ | 1 | 102000 | 750 | | 1000 | 250 |
| ഗവ. എൽ പി സ്കൂൾ, മാവിച്ചേരി | ലതിക എ കെ | PTCM | II | 83460 | 450 | 1220107748 Dtd 28.02.2023 | 750 | 300 |
| ആകെ | | | | | | | | 2250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന ആകെ തുകയായ ₹2250 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ്-മോട്ടോർ റണ്ണിംഗ് ഫീസ്,ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്-₹9000 നഷ്ടം.

1996 കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുകയും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

1. വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല.

ശ്രീ.ഷബീർ കെ.പി. കൊളോണിയൽ ഹാർഡ് വുഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം തുടങ്ങുന്നതിനായി 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്ററിലെ ക്രമ. നം | 429 |
| ലൈസൻസ് കാലാവധി | 15.11.22 മുതൽ 31.03.23 വരെ |
| ലൈസൻസ് ഫീസ് | ₹10000 |
| രസീത് നം. | 1220105202/15.11.22 |
| സംരംഭത്തിന്റെ ഇനം | ബ്ലോക്ക് ബോർഡ് നിർമ്മാണം |

അപേക്ഷ, അപേക്ഷയോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന സോമിൽ ലൈസൻസ് നം.151/2022KNR/ 14.2.22 എന്നിവ പ്രകാരം മേൽ സ്ഥപനത്തിൽ 375 HP കപ്പാസിറ്റി ഉള്ള മെഷിനറി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും, 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ), ചട്ടം 18, പട്ടിക 3 പ്രകാരമുള്ള മോട്ടോർ ഇൻസ്റ്റാലേഷൻ ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന് യന്ത്രം സ്ഥാപിക്കുന്നതിനും പ്രവർത്തനാനുമതി നൽകുന്നതും സംബന്ധിച്ച് ഭരണസമിതി തീരുമാനവും ലഭ്യമല്ല. മേൽ ലൈസൻസിയിൽ നിന്നും ₹10/HP നിരക്കിൽ ₹3750 മോട്ടോർ ഇൻസ്റ്റാലേഷൻ ഫീസായും ₹3750 മോട്ടോർ റണ്ണിംഗ് ഫീസായും ഈടാക്കേണ്ടതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ നം.PCB/KNR/ICO/G21 /KAN4702233/ 21/19.7.21ൽ സ്ഥാപനത്തിൽ 1024 HPയുടെ മെഷിനറീസ് ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ 375 HPയിൽ കൂടുതൽ കപ്പാസിറ്റിയുള്ള മെഷിനറീസ് സ്ഥാപിച്ചിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. ആയത് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

2. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നത് പുതുക്കുന്നതിനുള്ള ഫീസ് ഈടാക്കിയതിലെ കുറവ്.

ശ്രീ.പി.ബഷീർ, എന്ന ലൈസൻസി ആർക്കിടെക് പാനൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് 2022-23 വർഷം പുതുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്ററിലെ ക്രമ നം. | 158 |
| ലൈസൻസ് കാലാവധി | 01.04.22 മുതൽ 31.03.23 വരെ |
| ലൈസൻസ് ഫീസ് | ₹5000 |
| മോട്ടോർ റണ്ണിംഗ് ഫീസ് | ₹1000 |
| രസീത് നം | 1220100467/26.04.22 |
| സംരംഭത്തിന്റെ ഇനം | ബ്ലോക്ക് ബോർഡ് നിർമ്മാണം |

അപേക്ഷയോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന സോമിൽ ലൈസൻസ് നം.311/17/KNR/16.1.18 പ്രകാരം മേൽ സ്ഥാപനത്തിൽ 148 HP യുടെ മെഷിനറീസ് പ്രവർത്തിപ്പിക്കുന്നുണ്ട്. ആയത് പ്രകാരം ₹2000 ആയിരുന്നു മോട്ടോർ റണ്ണിംഗ് ഫീസ് ആയി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ₹1000 ആണ് MRF ആയി ഈടാക്കിയിരിക്കുന്നത്. കുറവ് വന്ന ₹1000 ഈടാക്കേണ്ടതാണ്.

3. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീ.ഷബീർ ഫക്രുദ്ദീൻ, എന്ന ലൈസൻസി NF ലൈഫ് ഫിറ്റ്നെസ്സ് എന്ന സ്ഥാപനം തുടങ്ങുന്നതിനായി 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്ററിലെ ക്രമ നം. | 501 |
| ലൈസൻസ് കാലാവധി | 02.02.23 മുതൽ 31.03.23 വരെ |
| ലൈസൻസ് ഫീസ് | ₹500 |
| രസീത് നം | 1220106868/2.2.23 |
| സംരംഭത്തിന്റെ ഇനം | ജിംനേഷ്യം |

അന്വേഷണ കുറിപ്പിൽ മൂലധനനിക്ഷേപം 10 ലക്ഷം രൂപയ്ക്ക് മുകളിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ), ചട്ടം 7, പട്ടിക 2 പ്രകാരം സേവനമേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതൽ മൂലധനനിക്ഷേപമുള്ള മിനി എന്റർപ്രൈസസ് സ്ഥാപനങ്ങൾക്ക് ₹1000യാണ് ലൈസൻസ് ഫീസ്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും ₹500 മാത്രമാണ് ലൈസൻസ് ഫീസ് ആയി ഈടാക്കിയത്. കുറവ് വന്ന ₹500 ഈടാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (18/16.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഖണ്ഡികകളിൽ പരാമർശിച്ചതിൽ കുറവ് വന്ന ആകെ തുകയായ ₹9000 (3750+3750+1000+500) ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 13.10.2023 & 16.10.2023 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.3/ 1646/2023. തീയതി: 21.11.2023. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | ആകെ | പ്രൊജക്റ്റിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ. | 0 | 60000 | 60000 | സുഗന്ധവിളകൃഷി- SO 26/23 | 60000 | 0 |
| | 0 | 73500 | 73500 | ഹരിതഗ്രാമം ഫലവൃക്ഷത്തൈ പദ്ധതി 288/23 | 73500 | 0 |
| | 0 | 892500 | 892500 | നെൽകൃഷി വികസനപദ്ധതി- 199/23 | 892500 | 0 |
| | 0 | 90000 | 90000 | ഹരിതഗ്രാമം ആട് വളർത്തൽ പദ്ധതി- 287/23 | 90000 | 0 |
| | 0 | 302680 | 302680 | പെയിൻ & പാലിയേറ്റീവ്- 02/23 | 302680 | 0 |
| | 0 | 180000 | 180000 | ലൈഫ് ഭവന പദ്ധതി എസ് സി-206/23 | 180000 | 0 |
| | 0 | 300000 | 300000 | അതിദാരിദ്രരുടെ ഭവനം പുനരുദ്ധരിക്കൽ- 292/23 | 300000 | 0 |
| | 0 | 50000 | 50000 | ലൈഫ് ഭവന പദ്ധതി ജനറൽ-204/23 | 50000 | |
| | | 99684 | 99684 | ഹരിത ഗ്രാമം-SO 48/23 | 99684 | |
| | | 6500 | 6500 | ഹരിത ഗ്രാമം-234/23 | 6500 | 0 |
| | 0 | 729570 | 729570 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-132/23 | 729570 | 0 |
| | | 200000 | 200000 | കപ്പണത്തട്ട് അങ്കണവാടി കെട്ടിടനിർമ്മാണം -SO 54/23 | 200000 | |
| | | 163746 | 163746 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ-198/23 | 163746 | |
| ആകെ | | 3148180 | 3148180 | | 3148180 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 829810 | 829810 | നെൽകൃഷിവികസന പദ്ധതി-199/23 | 829810 | 0 |
| | 0 | 200000 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-132/23 | 200000 | 0 |
| | 0 | 230083 | 230083 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ-198/23 | 230083 | 0 |
| ആകെ | 0 | 1259893 | 1259893 | | 1259893 | 0 |

സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മറ്റ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 53,89,514/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 27,09,607/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം – 10,16,552/- രൂപ, നഗര സഞ്ചയ ഫണ്ട്- 16,63,355/-) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശാനുസരണം തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, പരിയാരം ഡിവിഷൻ | അമ്മാനപ്പാറ എം.സി.എഫ് ലേക്ക് പുതിയ ഇലക്ട്രിക്ക് കണക്ഷൻ സ്ഥാപിക്കൽ, പ്രോജക്ട് നം. 233/23 | 22201146/31.03.23 | ₹55560 | ₹55560 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം.

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി (1,2 ഘട്ടം) | സ.ഉ (എം.എസ്) 68/2018 തീയതി 18-05-2018 | | 2747072-878824(*) --------- 1868248 | 0 | 1868248 | 1544572 | 0 ജി.ഒ. പ്രൊജക്ടായി 2,78,308/- രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ (ഖണ്ഡിക 1-1-20 കൂടി കാണുക). | 323676 |

(*) 2020-21 സാമ്പത്തിക വർഷത്തെ ജി ഒ പ്രോജക്ട് പ്രകാരം തിരിച്ചടച്ച തുക (8,78,824/-) പരിഗണിക്കാതെയാണ് 2020-21 വാർഷികകണക്കുകൾ തയ്യാറാക്കിയിരുന്നത്. ആയത് ഓഡിറ്റ് വർഷവും പരിഹരിച്ചിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം സ്ഥിരനിക്ഷേപം/ഷെയറുകൾ നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയറുകൾ | 20000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 60, സർട്ടിഫിക്കറ്റ് നമ്പർ 212തീയതി 28-12-2004 | ₹20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2022-23 വർഷത്തിൽ ലഭിച്ച തുകയുടെ വിവരം.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീത് നമ്പർ,തിയ്യതി |
|---|---|---|---|---|
| 2020-21 | 1-13 ക്രമ നം.3 | 2000 | സൈഫുദ്ദീൻ.പി.വി,മെട്രോ വുഡ് ഇൻഡസ്ട്രീസ്. | 1220102086/01-07-2022 |
| | 1-13 ക്രമ നം.3 | 300 | സൈഫുദ്ദീൻ.പി.വി,മെട്രോ വുഡ് ഇൻഡസ്ട്രീസ്. | 1220102089/01-07-2022 |
| | 1-13 ക്രമ നം.4 | 50 | ദേവദാസൻ.പി.വി, വുഡൻ ഫർണിച്ചർ ഷോപ്പ്. | 1220102101/02-07-2022 |
| | 1-13 ക്രമ നം.4(2) | 200 | ഏഴിൽ തിടിൽ രാമേത്ത് ഗംഗാധരൻ, ഗംഗ വുഡ് ഇൻഡസ്ട്രീസ്. | 1220102229/08-07-2022 |
| | 1-13 ക്രമ നം.4(3) | 1000 | ഉളിയൻ മൂലയിൽ ഉനൈസ്, ഐഡിയൽ വുഡ് ഇൻഡസ്ട്രീസ്. | 1220102272/12-07-2022 |
| | 1-13 ക്രമ നം.3 | 2000 | മൂസാൻകുട്ടി.കെ.ടി, എം എസ് വുഡ് ഇൻഡസ്ട്രീസ്. | 1220102296/13-07-2022 |
| | 1-13 ക്രമ നം.3 | 200 | കെ.ഹനീഫ | 1220102410/19-07-2022 |
| | 1-13 ക്രമ നം.3 (5) | 7610 | സി.അബ്ദുൾ കരീം | 1220102553/26-07-2022 |
| | 1-13 ക്രമ നം.3 | 400 | ബാലകൃഷ്ണൻ.പി.കെ | 1220102674/03-08-2022 |
| | 1-13 നം.3 (1) | 200 | പി.പി.മൊയ്തീൻകുട്ടി | 1220103589/15-09-2022 |
| ആകെ | | ₹13960 | | |

ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് റിക്കവറി സംബന്ധിച്ച പട്ടിക ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് റിക്കവറിയിനത്തിലെ തുകകൾ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയ ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 2-14 | 2007-08 | 3-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതമാസം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 1 | 2014-15 | 2-1 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2 | 2014-15 | 2-2 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹75745244 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹73554136 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹11250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1764491 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 (1-16) | ₹2250 | | ശ്രീ.എം.വി.ചന്ദ്രൻ,സെക്രട്ടറി |
| 2-2 (1-17) | ₹9000 | | ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി |
| ആകെ | ₹11250 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹530538 | ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി |
| 1-22 | ₹50000 | ശ്രീമതി നളിനി.ടി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>പരിയാരം സർക്കിൾ. |
| 1-23 | ₹993829 | ശ്രീ.ജോസ് ജയകുമാർ,<br>ഡയറി ഫാം ഇൻസ്ട്രക്ടർ,<br>തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്. |
| 1-25 | ₹190124 | ഡോ:രമ്യ.കെ.എൻ,<br>മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,പരിയാരം. |
| ആകെ | ₹1764491 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | ₹2000 | ശ്രീമതി.പ്രജിന.പി.വി,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | ₹2000 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ 1-13, 1-14

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.വി.ചന്ദ്രൻ,സെക്രട്ടറി | സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്. | ശ്രീ മന്ദിരം,<br>മണ്ടൂർ (പി.ഒ),<br>കണ്ണൂർ ജില്ല-670501 |
| നളിനി.ടി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>പരിയാരം സർക്കിൾ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>പരിയാരം സർക്കിൾ. | അനരാധാസ്,<br>രാം റോഡ്,<br>നിയർ<br>ഓലച്ചേരിക്കാവ്,<br>കണ്ണൂർ. |

| | | |
|---|---|---|
| ശ്രീ.ജോസ് ജയകുമാർ, ഡയറി ഫാം ഇൻസ്പെക്ടർ, തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്. | ഡയറി ഫാം ഇൻസ്പെക്ടർ, തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്. | ശബ്നം, പള്ളിക്കര, താവം, കണ്ണൂർ ജില്ല. |
| ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം. | മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം. | സൗപർണ്ണിക, കപാലിക്കുളങ്ങര, തളിപ്പറമ്പ, കണ്ണൂർ ജില്ല. |
| ശ്രീമതി പ്രജിന.പി.വി, ഐ സി ഡി എസ് സൂപ്പർവൈസർ, പരിയാരം ഗ്രാമപഞ്ചായത്ത്. | ഐ സി ഡി എസ് സൂപ്പർവൈസർ, പരിയാരം ഗ്രാമപഞ്ചായത്ത്. | നന്ദനം, കാന്തൽ (പി.ഒ), ബക്കളം, കണ്ണൂർ ജില്ല. |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം .

| എൻക്വയറി നമ്പർ / തീയതി | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 10 തീയതി 12-10-2023 | വിവിധ കിണറുകളുടെ പുനരുദ്ധാരണം ടെണ്ടർ വ്യതിയാനം ബില്ലിൽ കുറവ് ചെയ്തില്ല-കരാറുകാരന് അധികം തുക നൽകി. | 5842 | പി.വി.കുമാരൻ, കരാറുകാരൻ 1230103874/16-10-2023 |
| ആകെ | | 5842/- രൂപ | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 5 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 3 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 4 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 3 |
| 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ | 5 |

| | | |
|---|---|---|
| | 1402/2022 തീയതി: 11.10.2022 | |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 5 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 2 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1402/2022 തീയതി: 11.10.2022 | 7 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1036/2021 തീയതി: 26.05.2022 | 28 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 782/2022 തീയതി: 23.06.2022 | 38 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.3/ 1492/22 തീയതി: 08.12.2022 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 172/2023 dated 12-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pariyaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pariyaram Grama Panchayat for the year 2022-2023

Date: 21/11/2023

Deputy Director
District Office Kannur
Kerala State Audit Department

# Audit Report appended to the Audit Certificate of Pariyaram Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Receipt & Payment Closing Balance of Previous year do not tally with this year Opening Balance.
2. The loan deduction from the source during the previous year (2020-21) has not been reflected in the Balance sheet.
3. Details of amount shown under the head other liabilities in B 9 schedule were not made available for verification in audit.
4. Amount shown in Bank Reconcilation statement of SBI online account (account number-36331440927 ) as Directly debited by bank (Rs.104663) is actually the amount not credited in the bank account.
5. Mandatory financial statements such as Ratios prescribed under Rule 62 F and under Rule 62 E of the Kerala

Panchayat Raj Accounts Rules is not submitted for audit.
6. Net increase/decrease in cash flow for the current year in the cash flow statement does not match the amount shown in the statement as the difference between the opening balance and the closing balance of cash and cash equiivalents.
7. The mandatory financial statements such as B1 schedule, Ratios,comparitive amounts for the preceding year prescribed in accounting rules are not submitted for audit.
8. The Asset value shown in balance sheet (Schedule B-11 ) is not traceable to Asset Register due to unsupported design of existing Asset Register.
9. Closing stock not included in B-14 Schedule.
10. Reconciliation of accounts of Pariyaram Service Co-Operative Bank ( 1887),South Indian Bank -Taliparamba (11004) do not match with figures in Bank Book.
11. An amount of Rs.19057 recorded as stale cheque in B-9 Schedule of the Annual Financial Statement has not been transferred to the Panchayat Fund.

12. The land value shown in B -11 Schedule is incorrect.
13. Imprest register is not produced for verification.
14. The amount of gross surplus/deficit of income over expenditure shown in Balance sheet B-1 Schedule varies from the actual amount in income and expenditure schedule.
15. An amount of Rs.55560 given as advance to KSEB shown as expenditure in Annual Financial statement instead of showing in B 18 schedule of balance sheet.
16. Distress relief fund,Literacy scheme grant -The amount directly credited by Bank not taken into account.
17. Out of the two vehicles owned by the Grama Panchayath, the asset value of only one vehicle is included in the balance sheet.

18. Rs.836476 transferred to Kudumbasree CDS account is not shown in B18 schedule of Balance Sheet. Instead the amount is borked as Expenditure before obtaining Ulilisation Certificate.

19. Expenditure shown under Central Finance Commission Award do not match with figures in Sulekha Expenditure Statement and Annual Financial Statement (I-6 Schedule).
20. The amount deducted at source as Loan amount of Life Project has not been completely included in B5 Schedule of Balance Sheet, Income & Expenditure Statement and Sulekha Expenditure Report.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Pariyaram Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 36539312.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1855733.00 |
| 130000000 | Rental income from Panchayat Properties | RP-3 | 356667.00 |
| 140000000 | Fees & User Charges | RP-4 | 1705995.00 |
| 150000000 | Sale & Hire Charges | RP-5 | 132986.00 |
| 151000000 | Receipts from Transferred Institutions | RP-6 | 22089.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16458000.00 |
| 171000000 | Interest Earned | RP-9 | 799586.00 |
| 190000000 | Prior Period Income | RP-11 | 268211.00 |
| 230000000 | Operations & Maintenance | RP-14 | 6264.00 |
| 311000000 | Earmarked Funds | RP-28 | 176.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17881771.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 35340980.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-33 | 16069.00 |
| 350000000 | Other Liabilities | RP-35 | 892717.00 |
| | Grand total | | 112284556.00 |
| | PAYMENTS | | |
| | Operating | | |
| 431000000 | Sundry Debtors (Receivables) | RP-45 | 29594281.00 |
| 460000000 | Loans, Advances and Deposits | RP-49 | 1564584.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 28800.00 |
| 350000000 | Other Liabilities | RP-35 | 42366471.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 38579523.00 |
| Cash | Cash | RP-40(b) | 150897.00 |

| Grand Total | 112284556.00 |
|---|---|

# Annex3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Pariyaram Grama Panchayat INCOME & EXPENDITURE |
|---|

STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 12776002.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 461667.00 |
| 140000000 | Fee & User Charges | I-4 | 2272469.00 |
| 150000000 | Sale & Hire Charges | I-5 | 142286.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 181430384.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 799586.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | -26373934.00 |
| | Total Income | | 197882394.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12613900.00 |
| 220000000 | Administrative Expenses | I-11 | 1275004.00 |
| 230000000 | Operations & Maintenance | I-12 | 854289.00 |
| 240000000 | Interest & Finance Charges | I-13 | 1382.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10790464.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33840457.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3453872.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 26131485.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 69721400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 509650.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 70131.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 30746733.00 |
| | Total Expenditure | | 190008767.00 |
| | Gross Surplus / Deficit of income over Expenditure | | 7873627.00 |
| | Gross Surplus / Deficit of income over Expenditure | | 7605441.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -26642120.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 268186.00 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Pariyaram Grama Panchayat BALANCE SHEET | | |
| | As on 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19709108.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15753.00 |
| 312000000 | Reserves | B-3 | 105098098.00 |
| | Total Reserve & Surplus | | 124822959.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14122024.00 |
| | Total Grants, Contributions for Specific Purposes | | 14122024.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 2468764.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 2468764.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1010775.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3204353.00 |
| 360000000 | Provisions | B-10 | 0.0 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 4215128.00 |
| | TOTAL LIABILITIES | | 145628875.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 386034.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5848396.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 3064819.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 219178104.00 |
| 416000000 | Accumulated Depreciation | B-11(a) | -153528751.00 |
| | Total Fixed Assets | | 74948602.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 29669211.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3055.00 |
| 450000000 | Cash and Bank Balance | B-17 | 38730420.00 |
| 460000000 | Loans, Advances and Deposits | B-18 | 2257587.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 70660273.00 |

| | | | |
|---|---|---|---|
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 145628875.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.